"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷന് വിവിധ സ്ഥാപനങ്ങൾ സി.എസ്.ആർ ഫണ്ട് ഇനത്തിൽ നൽകിയ തുകയിൽ മിച്ചമുള്ള തുകയായ **2,25,62,628/- രൂപ** ബഹു.മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടോയിലറ്റ് നിർമ്മിക്കുന്നതിനും ലെഗസി വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1659/2020/LSGD തീയതി,തിരുവനന്തപുരം, 15/09/2020

---

പരാമർശം:- 1 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.01.2020- ലെ 2471/B1/2016/SM നമ്പർ കത്ത്

2 24.06.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.3

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.08.2020- ലെ 2390/D/2015/SM നമ്പർ കത്ത്

4 12.08.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ(ഓൺലൈൻ)നടപടിക്കുറിപ്പിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 2.4(4.3)

**ഉത്തരവ്**

സംസ്ഥാനത്തെ ODF പ്രഖ്യാപനത്തിന്റെ ഭാഗമായി ദുർഘട സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വ്യക്തിഗത ഗാർഹിക കക്കൂസുകൾക്ക് യൂണിറ്റ് കോസ്റ്റിന് പുറമെ അധിക സഹായം നൽകുന്നതിനായി ശുചിത്വമിഷന് വിവിധ സ്ഥാപനങ്ങൾ സി.എസ്.ആർ ഫണ്ടിനത്തിൽ ഇതിനോടകം അനുവദിച്ചുനൽകിയ തുകയിൽ ബാക്കിയുള്ള തുകയായ **2,25,62,628/- രൂപ** സ്കൂൾ കുട്ടികളിൽ ശുചിത്വ സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായുള്ള കളക്ടേഴ്സ് അറ്റ് സ്കൂൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 780 സ്കൂളുകളിൽ 3040 ബിന്നുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി വിനിയോഗിക്കുന്നതിനു അനുമതി നൽക ണമെന്നു ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. ശുചിത്വ മിഷനിൽ സി.എസ്.ആർ ഫണ്ടിനത്തിൽ ലഭ്യമായിട്ടുള്ള തുക സ്കൂളുകളിൽ ബിൻ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ചെലവഴിക്കുന്നതിനു പകരം സി എസ് ആർ ഫണ്ടിനത്തിൽ ബാക്കിയുള്ള തുക ബഹു.മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടോയിലറ്റ് നിർമ്മിക്കുന്നതിനും വർഷങ്ങളായി പൊതു സ്ഥലങ്ങളിൽ ഡംപ് ചെയ്തിരിക്കുന്ന മാലിന്യങ്ങൾ (ലെഗസി വേസ്റ്റ്) ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ഉപയോഗിക്കുന്നതിന് പരിഗണിക്കുന്നതിലേക്കായി ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ

കമ്മിറ്റി പരാമർശം (2) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

3. ബഹു.മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ടോയിലെറ്റുകളുടെ നിർമ്മാണത്തിന് പദ്ധതി ചെലവിന്റെ 50 ശതമാനം തുക (7 **ലക്ഷം രൂപ**) എന്ന നിരക്കിൽ ശുചിത്വ മിഷൻ വിഹിതമായി ഉൾപ്പെടുത്തുന്നതിന് സി.എസ്.ആർ ഫണ്ട് വകയിരുത്താവുന്നതാണെന്നും കൂടാതെ പ്രസ്തുത ആവശ്യത്തിൽ അധികമായി ലഭ്യമാകുന്ന തുക പൊതു സ്ഥലങ്ങളിൽ ഡംപ് ചെയ്തിരിക്കുന്ന മാലിന്യങ്ങൾ (ലെഗസി വേസ്റ്റ്) ശാസ്ത്രീയമായി സംസ്കരിക്കുന്നതിലേക്ക് (ബയോ മൈനിങ്) ഉപയോഗിക്കാവുന്നതാണെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് ഒ.ഡി.എഫ് പ്രഖ്യാപനവുമായി ബന്ധപ്പെട്ട് ദുർഘട സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വ്യക്തിഗത ഗാർഹിക കക്കൂസുകൾക്ക് യൂണിറ്റ് കോസ്റ്റിന് പുറമെ അധിക സഹായം നൽകുന്നതിനായി ശുചിത്വമിഷന് വിവിധ സ്ഥാപനങ്ങൾ **സി.എസ്.ആർ** ഫണ്ട് ഇനത്തിൽ നൽകിയ തുകയിൽ മിച്ചമുള്ള തുകയായ **2,25,62,628/- രൂപ** പരാമർശം (4) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹു.മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടോയിലറ്റ് നിർമ്മിക്കുന്നതിനും ലെഗസി വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട നഗരസഭകൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.09.15 20:35:11 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ്പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്